**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3678** | **09-10-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിൽ കൃഷിവകുപ്പ് കർഷകർക്ക് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കായി കൃഷിവകുപ്പ് പുതിയതായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ കർഷകർക്കായി കൃഷി വകുപ്പ് പുതിയതായി നടപ്പാക്കുന്ന പദ്ധതികളുടെ വിശാദാംശം ചുവടെ ചേർക്കുന്നു.<br><br>1. National Mission on Natural farming (NMNF)<br><br>**2.** MIDH (Mission for Integrated Development of Horticulture) പദ്ധതിയിൽ ചെറുകിട കൂൺ ഉല്പാദന യൂണിറ്റുകൾ, ഹൈഡ്രോപോണിക്സും എയ്റോപോണിക്സും, പോളിഹൌസിൽ ഉപയോഗിക്കുന്ന സർക്കുലേഷൻ ഫാൻ, ഫെർട്ടിഗേഷന് വേണ്ടി സെൻസർ അധിഷ്ഠിത ഓട്ടോമേഷൻ സിസ്റ്റം, പച്ചക്കറി വിളകൾക്കുള്ള പിന്തുണാ സംവിധാനം, ഫെൻസിങ്, പഴം കുല കവർ/ പേപ്പർ ബാഗുകൾ മുതലായവ, **weed mat** മുതലായവ **2025-26** സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയ്ക്ക് പുതുതായി അനുവദിച്ചിട്ടുണ്ട്.<br><br>3. RKVY- കൂൺ ഗ്രാമ പദ്ധതി പ്രകാരം കാട്ടാക്കട, ആറ്റിങ്ങൽ, നേമം, കഴക്കൂട്ടം എന്നീ നിയോജക മണ്ഡലങ്ങളിലായി ഓരോ കൂൺ ഗ്രാമം വീതം അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ചെറുകിട കൂൺ ഉൽപ്പാദന യൂണിറ്റ്, വിൻകിട കൂൺ ഉൽപ്പാദന യൂണിറ്റ്, **Compost** making, കൂൺ വിത്ത് ഉൽപ്പാദനം pack house, Preservation Unit, നൈപുണ്യ പരിശീലനം എന്നിവ ഉൾപ്പെടുന്നു.<br><br>4. ഡിജിറ്റൽ ക്രോപ്പ് സർവ്വേ- കാർഷിക വിളകളെപ്പറ്റിയുള്ള ഒരു സമഗ്ര ഡേറ്റാബേസ് നിർമ്മിക്കുന്നതിനാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.<br><br>5. വന്യമൃഗശല്യം മൂലം കൃഷി നാശം സംഭവിച്ച കർഷർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി അതാത് വിളകൾക്ക് നിശ്ചയിച്ചിട്ടുള്ള ദുരിതാശ്വാസം നൽകുന്ന പദ്ധതി.<br><br>2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ അരുവിക്കര മണ്ണ് സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് മുഖേന വകുപ്പ് നടപ്പിലാക്കുന്ന ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ വെള്ളംകൊള്ളി നീർത്തട പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 14.07 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ 2024-25 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പദ്ധതികളിൽ ഉൾപ്പെട്ട വെള്ളംകൊള്ളി ഫേസ്-1 പദ്ധതിയിൽ 2.5 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം പദ്ധതിയിൽ ഉൾപ്പെട്ട പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പള്ളിച്ചൽതോട് പുനരുദ്ധാരണ പദ്ധതിയിൽ 20.58 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും 2025-26 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. |
| (ബി) | ഓരോ പദ്ധതിയിലും തിരുവനന്തപുരം ജില്ലയിലെ ബ്ലോക്ക് തലത്തിൽ അനുവദിച്ച പദ്ധതികളും അതിനനുവദിച്ച ഫണ്ടും എത്രയെന്ന് വിശദമാക്കാമോ? | (ബി) | ഓരോപദ്ധതിയിലും തിരുവനന്തപുരം ജില്ലയിലെ ബ്ലോക്ക് തലത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികളും അതിനനുവദിച്ച ഫണ്ടും എത്രയെന്ന് **അനുബന്ധം** ആയി ചേർക്കുന്നു.<br><br>വന്യമൃഗശല്യം മൂലം കൃഷി നാശം സംഭവിക്കുന്ന മുറയ്ക്ക് AIMS PORTAL വഴി അപേക്ഷിക്കുന്ന കർഷകർക്ക് അവരുടെ അക്കൗണ്ടിൽ നേരിട്ട് ധനസഹായം നൽകുന്നു. ബ്ലോക്ക് തലത്തിൽ നൽകുന്നില്ല.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വെള്ളനാട് ബ്ലോക്കിൽ ഉൾപ്പെട്ട വെള്ളംകൊള്ളി ഫേസ് I & II പദ്ധതിയ്ക്ക് 16.57 ലക്ഷം രൂപയും, നേമം ബ്ലോക്കിൽ ഉൾപ്പെട്ട പള്ളിച്ചൽതോട് പദ്ധതിയ്ക്ക് 20.58 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>വാമനപുരം, ചിറയിൻകീഴ് ബ്ലോക്കുകളിൽ കർഷകർ, സാങ്കേതിക വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത ബ്ലോക്ക് തല മണ്ണ് പരിശോധ ക്യാമ്പയിനുകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി സംയോജിച്ച് നടത്തുകയും ഇതിനായി 50,000/- രൂപ വിനിയോഗിക്കുകയും ചെയ്തു. കൂടാതെ ദേശീയ സുസ്ഥിര കൃഷി മിഷൻ (National Mission for Sustainable Agriculture) സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയുടെ ഭാഗമായി വാമനപുരം ബ്ലോക്കിലെ കല്ലറ, പാങ്ങോട് പഞ്ചായത്തുകളിലായി |

| | | | |
|---|---|---|---|
| | | | 337 മണ്ണ് സാമ്പിളുകളുടെ ശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. മണ്ണ് പരിശോധന പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

**(1**) National Mission on Natural farming (NMNF)- ഫണ്ട് ലഭ്യമായിട്ടില്ല

(2) MIDH (Mission for Integrated Development of Horticulture)

| ക്രമ നം. | ബ്ലോക്ക് | അനുവദിച്ച തുക |
|---|---|---|
| 1 | പാറശ്ശാല | 9.075 |
| 2 | നെയ്യാറ്റിൻകര | 6.8875 |
| 3 | പള്ളിച്ചൽ | 10.1375 |
| 4 | ആറ്റിങ്ങൽ | 8.2375 |
| 5 | പുളിമാത്ത് | 4.8625 |
| 6 | കഴക്കൂട്ടം | 6.325 |
| 7 | നെടുമങ്ങാട് | 5.7125 |
| 8 | വർക്കല | 4.8625 |
| 9 | ആര്യൻകോട് | 9.0125 |
| 10 | കാട്ടാക്കട | 8.6 |
| 11 | വാമനപുരം | 4.8625 |

(3) RKVY ക്ലൺ ഗ്രാമ പദ്ധതി പ്രകാരം

| ക്രമ നമ്പർ | ബ്ലോക്ക് | അനുവദിച്ച തുക |
|---|---|---|
| 1 | നെയ്യാറ്റിൻകര | 6.75 |
| 2 | പള്ളിച്ചൽ | 6.75 |
| 3 | ആറ്റിങ്ങൽ | 9.6125 |
| 4 | പുളിമാത്ത് | 8.55 |
| 5 | കഴക്കൂട്ടം | 9.74 |
| 6 | വർക്കല | 6.82723 |

(4) ഡിജിറ്റൽ ക്രോപ്പ് സർവ്വേ (GENERAL)

| **ക്രമ നമ്പർ** | **ബ്ലോക്ക്** | **അനുവദിച്ച തുക(ലക്ഷത്തിൽ)** |
|---|---|---|
| 1 | ആറ്റിങ്ങൽ | 1599882 |

| | | |
|---|---|---|
| 2 | പുളിമാത്ത് | 1599882 |
| 3 | കഴക്കൂട്ടം | 1799418 |
| 4 | നെടുമങ്ങാട് | 1799418 |
| 5 | പള്ളിച്ചൽ | 1499883 |
| 6 | നെയ്യാറ്റിൻകര | 1100000 |
| 7 | പാറശ്ശാല | 1100000 |
| 8 | വർക്കല | 1499882 |
| 9 | വാമനപുരം | 1499880 |
| | **ആകെ** | **13,49,82,454** |

(5) ഡിജിറ്റൽ ക്രോപ് സർവ്വേ (SCP)

| ക്രമ നമ്പർ | ബ്ലോക്ക് | അനുവദിച്ച തുക(ലക്ഷത്തിൽ) |
|---|---|---|
| 1 | ആര്യൻകോട് | 6.86616 |
| 2 | കാട്ടാക്കട | 6.86616 |

(6) ഡിജിറ്റൽ ക്രോപ് സർവ്വേ (TSP)

| ക്രമ നമ്പർ | ബ്ലോക്ക് | അനുവദിച്ച തുക(ലക്ഷത്തിൽ) |
|---|---|---|
| 1 | ആര്യൻകോട് | 2.18842 |